പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കൻഡറി
വിഭാഗം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.
ഫോൺ: 0471-2323198

**നം.എസിഡി എസ്.പി.സി(2)/220746/2021/എച്ച്.എസ്.ഇ** **തീയതി : 26/11/2021**

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. SIET- എഡ്യൂക്കേഷണൽ ടെക്നോളജി ക്ലബ് കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നത് - സംബന്ധിച്ച്.

**സൂചന:** 1. SIET ഡയറക്ടറുടെ 10.11.2021 തിയതിയിലെ 1084/SIET/ET club/2021-22/878 നമ്പർ കത്ത്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.11.2021 തിയതിയിലെ NEP(3)/280140/2021/DGE നമ്പർ കത്ത്.

മേൽ സൂചന(1) പ്രകാരം മുഖ്യമന്ത്രിയുടെ പത്തിന പരിപാടികളുടെ ഭാഗമായ "സത്യമേവ ജയതേ" സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് SIET -യെ ചുമതലപ്പെടുത്തിയതായി കാണുന്നു. സമൂഹമാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണം നടക്കുന്നതിനെതിരായ ബോധവൽക്കരണ പരിപാടിയാണിത്. സൂചന(2) പ്രകാരം ഹയർസെക്കന്ററി തലത്തിൽ പരിപാടി സംഘടിപ്പിക്കുന്നതിന് അക്കാഡമിക് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.സാബു വലേറിയനെ ചുമതലപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിന്റെ ഭാഗമായി ഹയർ സെക്കന്ററിയിൽ നിന്നുള്ള സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് (എസ്.ആർ.ജി) അദ്ധ്യാപകർക്ക് 2021 ഡിസംബർ 2 വ്യാഴാഴ്ച്ച രാവിലെ 10 മണിയ്ക്ക് തിരുവനന്തപുരം എസ്.സി.ഇ.ആർ.ടി -യിൽ വെച്ച് ഏകദിന പരിശീലനം നൽകുന്നു. ഹയർസെക്കന്ററി ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ,

മറുപുറം

എൻ.എസ്.എസ് ജില്ലാ കോ-ഓർഡിനേറ്റർമാർ, സി.ജി & എ.സി ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരെയാണ് എസ്.ആർ.ജി-യിൽ ഉൾപ്പെടുത്തിയിട്ടുളളത്. ആയതിനാൽ പ്രസ്തുത അദ്ധ്യാപകർ യഥാസമയം തിരുവനന്തപുരം എസ്.സി.ഇ.ആർ.ടി -യിൽ വച്ച് നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു. ആർക്കെങ്കിലും അസൗകര്യം ഉണ്ടെങ്കിൽ അതാത് ജില്ലകളിൽ നിന്നും പകരം ആളെ പങ്കെടുപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരം അക്കാഡമിക് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ.സാബു വലേറിയനെ (9447500075) അറിയിക്കേണ്ടതുമാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**

പകർപ്പ്:

1. എല്ലാ ആർ.ഡി.ഡിമാർക്കും.
2. ശ്രീ.സാബു വലേറിയൻ, ഡെപ്യൂട്ടി ഡയറക്ടർ.
3. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ N.S.S, C.G & A.C